# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :436** — **06.03.2012-ൽ മറുപടിയ്ക്ക്**

## പഞ്ചായത്തുകളിലെ പഞ്ചവത്സര പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ഷാഫി പറമ്പിൽ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഇക്കാര്യം പരിഗണനയിലാണ്. |
| (ബി) ഇതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി) വാർഷിക പദ്ധതിക്ക് പകരം പഞ്ചവത്സര പദ്ധതി ആകുമ്പോൾ 5 വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നപദ്ധതികൾ സംബന്ധിച്ച് മുൻകൂട്ടി ധാരണ ഉണ്ടാകുമെന്നതിനാൽ അവ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കാൻ ഗ്രാമ പഞ്ചായത്തുകൾക്ക് സാധിക്കും. കൂടാതെവാർഷികപദ്ധതിരൂപീകരണം കാര്യക്ഷമമായി പൂർത്തിയാക്കി നിർവ്വഹണം നടത്തുന്നതിനുള്ള സമയം ലഭ്യമാകുന്നതാണ്. |
| (സി) പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് രീതിക്ക് മാറ്റം വരുത്തുവാനും പണം ചെലവഴിക്കുന്നതിൽ കൂടുതൽ സ്വാതന്ത്ര്യം നൽകത്തക്കവിധം ചട്ടങ്ങൾ ലഘൂകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സമ്പ്രദായം ലഘൂകരിക്കുന്നതിനായി പുതിയ അക്കൗണ്ടിംഗ് ചട്ടങ്ങൾ 01.04.2011-ൽ നിലവിൽ വന്നിട്ടുണ്ട്. അതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ വിജയകരമായി നടന്നു വരുന്നു.<br>പണം ചെലവഴിക്കുന്നതിൽ കൂടുതൽ സ്വാതന്ത്ര്യം നൽകത്തക്ക വിധം ചട്ടങ്ങൾ ലഘൂകരിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ